(ബി) സംസ്ഥാനത്ത് നടന്നുവരുന്ന ഇക്കോ ഫ്രണ്ട്ലി പരിപാടികൾ പരിസര മലിനീകരണം ഒഴിവാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്ലാസ്റ്റിക് നിരോധനം, ടൂറിസ്റ്റുകളെ ബോധവൽക്കരിക്കുന്ന സൈൻ ബോർഡുകൾ, മരങ്ങൾ വച്ചുപിടിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, സൗരോർജ്ജം ഉപയോഗിച്ചുള്ള വിളക്കുകളുടെ ഉപയോഗം, പുകയില്ലാത്ത ബാറ്ററി ബസ്സുകൾ തുടങ്ങിയ പദ്ധതികൾ ഇക്കോ-ടൂറിസം പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ടൂറിസം സെന്ററുകളിലെ ശുചീകരണവും, മാലിന്യ സംസ്ക്കരണവും നടപ്പിൽ വരുത്തുവാൻ വേണ്ടി വന്യജീവി സങ്കേതങ്ങളിൽ തദ്ദേശവാസികളുടെ പങ്കാളിത്തത്തോടുകൂടി ഇക്കോ-ടൂറിസം പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളിൽ പ്ലാസ്റ്റിക്കുകളുടെ നിർമ്മാർജ്ജനം ഒരു പ്രധാന വിഷയമായി ലക്ഷ്യമിട്ടിട്ടുണ്ട്. വനത്തിലുള്ള ട്രക്കിംഗ് പ്രോഗ്രാമുകളിൽ ടൂറിസ്റ്റുകളുടെ എണ്ണം ആ സ്ഥലത്തെ വാഹകശേഷിക്ക് അനുസൃതമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ആശുപത്രികളെ പവർകട്ടിൽ നിന്നും ഒഴിവാക്കാൻ നടപടി

21 (*202) ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പവർകട്ടിൽ നിന്നും ഏതെങ്കിലും വിഭാഗം ഉപഭോക്താക്കളെ ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളെ എന്ന് വ്യക്തമാക്കാമോ ;

(ബി) മുന്നൂറിലധികം രോഗികളെ ഒരേസമയം ഇൻപേഷ്യന്റായി കിടത്തി ചികിത്സിക്കുന്ന ഗവൺമെന്റ് ആശുപത്രികളെ പവർകട്ടിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ഇത്തരം പല ഗവൺമെന്റ് ആശുപത്രികളിലും ജനറേറ്ററില്ലാത്തതിനാലും ജനറേറ്ററുള്ളിടത്ത് അത് പ്രവർത്തിപ്പിക്കാത്തതിനാലും അടിയന്തിര ശസ്ത്രക്രിയകളും ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനവും തടസ്സപ്പെടുത്താതിരിക്കുന്നതിനായി ഇവയെ പവർകട്ടിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) നിലവിൽ പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. ലോഡ് ഷെഡ്ഡിംഗ് മാത്രമേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ 22-5-2003-ലെ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളേയും അനുബന്ധ സ്ഥാപനങ്ങളേയും ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മത്സ്യനയം

22 (*203) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ഒരു മത്സ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) അതു നടപ്പാക്കുന്നുണ്ടോ ;

(ഡി) ഒരു മത്സ്യനയം പ്രഖ്യാപിക്കാത്ത പക്ഷം മത്സ്യനയം പ്രഖ്യാപിക്കാനും അതു നടപ്പാക്കാനും നടപടി എടുക്കുമോ ?

ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ,

(എ) ഈ സർക്കാർ ഒരു പുതിയ ഫിഷറീസ് നയം പ്രഖ്യാപിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

(ഡി) ഈ സർക്കാരിന്റെ പുതിയ ഫിഷറീസ് നയത്തിന്റെ കരട് തയ്യാറായിട്ടുണ്ട്. ഇത് ഉടൻ തന്നെ പ്രഖ്യാപിക്കുന്നതാണ്.

ആദിവാസികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ നടപടി

23 (*204) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലുള്ള ആദിവാസികളെ സാമൂഹ്യ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമം നടത്തുമോ ;

(ബി) അതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവരെ എപ്രകാരം പുനരധിവസിപ്പിക്കണം എന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly